# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## എടപ്പാൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

പി

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.5/2029/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/11/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടപ്പാൾ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ:
കെ.എസ്.എ.എം.പി.എം.5/2029/2024

തീയ്യതി: 08/11/2024

# മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-11-2023 മുതൽ 08-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 23-11-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന

അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-09-2024 | 20-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-09-2024 | 20-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ റഷീദ്. എം.പി. ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് .പി.ടി ,അസി.ഓഡിറ്റ് ഓഡിറ്റർ
ശ്രീ. അനീത് ബാബു കെ.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുജിത. പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുബൈദ.സി.വി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. സന്തോഷ് കുമാർ കെ | സെക്രട്ടറി | 07-07-2023 | 31-03-2024 |
| ശ്രീ.കെ.പി.സുനിൽ കുമാർ | സെക്രട്ടറി | 01-04-2023 | 06-07-2023 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലത.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 07-08-2023 |
| ശ്രീ അരുൺലാൽ കെ പി | അസിസ്റ്റന്റ് സെക്രട്ടറി | 08-08-2023 | 31-03-2024 |
| ശ്രീ.സുജീർ.പി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.സാജിത പൈക്കാടൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2023 | 01-07-2023 |
| ഡോ. ജാസ്മിൻ യൂസഫ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 02-07-2023 | 31-03-2024 |
| ഡോ.സലീന.കെ.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.ഹരി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 22-08-2023 |
| ഡോ. രാജേഷ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 23-08-2023 | 31-03-2024 |
| ഡോ.ദീപ ചിറയത്ത് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.സാവിത്രി | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി.കൃഷ്ണേന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.സുരേന്ദ്രൻ.എം.പി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.അനീഷ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി.അമൃത ഗോപൻ | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീമതി. ധന്യ ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 12-07-2023 |
| ശ്രീ. സന്തോഷ് കുമാർ എം കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-07-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല. | 1-1-3 |
| 5 | ഫണ്ട് വിനിയോഗം സംബന്ധിച്ച എ.സി.ആർ  ലെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാങ്ക് നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമല്ല | 1-1-5 |
| 7 | Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-6 |
| 8 | പ്രതിമാസ റീകൺസിലിയേഷൻ  പത്രിക തയ്യാറാക്കിയിട്ടില്ല. | 1-1-7 |
| 9 | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ പാസ്ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി. | 1-1-8 |
| 10 | കാലഹരണപ്പെട്ട ചെക്കുകൾ  Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-9 |
| 11 | Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | ബാങ്കിൽ  നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ  സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല. | 1-1-11 |
| 13 | Cash Or Cheque Withdrawl ആയി പിൻവലിച്ച തുക നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല | 1-1-12 |
| 14 | ബാങ്കിൽ  നിക്ഷേപിച്ച ചെക്ക് തുകകൾ  നാളിതു വരെ ക്രെഡിറ്റ് ആയില്ല | 1-1-13 |

| | | |
|---|---|---|
| 15 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-15 |
| 17 | കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-1-16 |
| 18 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-17 |
| 19 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-18 |
| 20 | ഇൻവെസ്റ്റ്മെന്റ് ഇനത്തിലെ തുക തെറ്റായി രേഖപ്പെടുത്തി | 1-1-19 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-20 |
| 22 | സാമൂഹ്യസുരക്ഷാപെൻഷൻ ഇനത്തിലെ ചെലവു തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-21 |
| 23 | മുൻകൂർ നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 29 | ക്ഷേമപദ്ധതികൾ | 1-7 |
| 30 | ക്യാഷ് പരിശോധന | 1-8 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 33 | "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ | 1-11 |

| | | |
|---|---|---|
| | സേനയിലൂടെ":അവലോകനം | |
| 34 | പാരൊമഡിക്കൽ രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ പാരൊമഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 35 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-13 |
| 36 | വേക്കൻസി റമിഷൻ - ചട്ടം പാലിക്കാതെ ഇളവു നൽകി | 1-14 |
| 37 | അതിദിരിദ്രർക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-15 |
| 38 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-ഉപകരണം ലഭ്യമായിട്ടില്ല. | 1-16 |
| 39 | "അരികെ പരിരക്ഷ ഹോംകെയർ" പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-17 |
| 40 | വനിതകൾക്ക് ഏയറോബിക്സ് പരിശീലനം -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 41 | അംഗൻവാടികൾക്ക് മിക്സി വാങ്ങി നൽകൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-19 |
| 42 | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം- നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 43 | ഓണം അഡ്വാൻസ് തിരിച്ചു പിടിച്ചില്ല | 1-21 |
| 44 | ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കിയില്ല | 1-22 |
| 45 | വാഹനങ്ങളുടെ വിവരം VEELS വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തില്ല. | 1-23 |
| 46 | ഹെൽത്ത് സെന്റർ,ഹോമിയോ ഡിസ്പൻസറി എന്നിവിടങ്ങളിലേക്ക് ലാപ്പ്ടോപ്പ് ലഭ്യമായില്ല. | 1-24 |
| 47 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-25 |
| 48 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-26 |
| 49 | ബെയ്ലിംങ് മെഷിൻ വാങ്ങൽ-അപാകതകൾ | 1-27 |

| | | |
|---|---|---|
| 50 | തൊഴിലുറപ്പ് പദ്ധതിയിലെ കോൺക്രീറ്റ് പ്രവൃത്തി- സിമന്റ് വാങ്ങുന്നതിന് അധിക നിരക്ക് നൽകുന്നു. | 1-28 |
| 51 | അസി.എഞ്ചിനീയർ -കാഷ്ബുക്ക് അപാകതകൾ | 1-29 |
| 52 | പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ചെലവഴിക്കാനായില്ല | 1-30 |
| 53 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല | 1-31 |
| 54 | ആശ്രയ പദ്ധതി- കൈമാറിയ തുക വിനിയോഗിച്ചില്ല | 1-32 |
| 55 | തുടർസാക്ഷരതാ പ്രവർത്തനം കൈപ്പറ്റും മോണിറ്ററിംഗ് വിവരവും ലഭ്യമാക്കിയില്ല. | 1-33 |
| 56 | അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഹരിതകർമസേന യൂസർഫീ നൽകൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-34 |
| 57 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത | 1-35 |
| 58 | എസ് സി വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം - അപാകത സംബന്ധിച്ച് | 1-36 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ  അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.07.2024 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/

മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 08-11-2024

## <u>1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല</u>

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 5336665/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 9075651/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)(4) പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ഉദാ. Schedule B-17)

## 1-1-4 ഫണ്ട് വിനിയോഗം സംബന്ധിച്ച എ.സി.ആർ ലെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

വിവിധയിനം ഫണ്ട് വിനിയോഗം സംബന്ധിച്ച എ.സി.ആർ ലെ വിവരങ്ങൾ വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| | ACR | AFS |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 17526114 + 2909199(Source Deduction) = 20435313 | 18989913 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 893347 | 809534 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 4125126 | 2789098 |

## 1-1-5 ബാങ്ക് നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമല്ല

RP-40(b) പ്രകാരം നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ട് ഓഫ് ഔൺ റെവന്യൂ ഫണ്ട് ഇനത്തിൽ 683627/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട്.എന്നാൽ ആയതുമായി ബന്ധപ്പെട്ട ബാങ്ക് ബുക്ക്, പാസ്ബുക്ക് തുടങ്ങിയാതൊരു രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-6 Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.

1. I-4 പ്രകാരം Penalties And Fines – Penal Interest ഇനത്തിൽ ഡിമാന്റ് തുക Minus Figure (-69771) ആയി രേഖപ്പെടുത്തിയിരിക്കുന്നു.

2. I-6 പ്രകാരം CFC- Performance Grant ഇനത്തിൽ ലഭിച്ച തുക Minus Figure (-279185) ആയി

രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-7 പ്രതിമാസ റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

| ബാങ്ക് അക്കൗണ്ടിന്റെ വിവരം | ബാങ്ക് ബുക്ക് പ്രകാരം 31.03.2024 ലെ ബാലൻസ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2024 ലെ ബാലൻസ് | റീകൺസിലിയേഷൻ ചെയ്തതിന്റെ വിവരം |
|---|---|---|---|
| KGB – Own Fund (40287100102977) | 3511958 | 2108364.27 | സപ്തംബർ 2023 വരെയേ തയ്യാറാക്കിയിട്ടുള്ളൂ |
| CANARA BANK UPI (120024204533) | 1969497 | 1877571 | ഡിസംബർ 2023 വരെയേ തയ്യാറാക്കിയിട്ടുള്ളൂ |
| SBI (00000038067049175) | 9335189 | | ഫെബ്രുവരി 2024 വരേയേ തയ്യാറാക്കിയിട്ടുള്ളൂ |

## 1-1-8 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ പാസ്ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി.

SBI E Payment (67385549567) അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2024 ലെ പാസ്ബുക്ക് പ്രകാരമുള്ള ബാലൻസ് 1572989/- രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് 1567400.40/- രൂപയാണ്.

## 1-1-9 കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

1. തനത് ഫണ്ട് സൂക്ഷിക്കുന്ന സബ് ട്രഷറി ചങ്ങരംകുളത്തിന്റെ (A/C 799013000000844) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപനം ഇഷ്യു ചെയ്ത 3 മാസത്തിൽ കൂടുതലായ ചെക്കുകൾ **(27.09.2022 മുതൽ ഉള്ള ചെക്കുകൾ 1973845/- രൂപ )** Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
2. ലൈഫ് ഭവനപദ്ധതിയുടെ സ്റ്റേറ്റ് ഷെയറും ലോണും ക്രെഡിറ്റാകുന്ന SBI (A/C No. 00000038067049175) 29.02.204 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇഷ്യു ചെയ്ത 3 മാസത്തിൽ കൂടുതലായ ചെക്കുകൾ **(17.09.2022 മുതൽ ഉള്ള ചെക്കുകൾ 19420000/- രൂപ )** Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
3.തനത് ഫണ്ട് സൂക്ഷിക്കുന്ന KGB (A/C No. 40287100102977) 30.09.2023 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇഷ്യു ചെയ്ത 3 മാസത്തിൽ കൂടുതലായ ചെക്കുകൾ **(മെയ് 2022 മുതലുള്ള ചെക്കുകൾ 4,948,520/- രൂപ )** Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-10 Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിച്ചിട്ടില്ല

1.CFC ഫണ്ട് സൂക്ഷിക്കുന്ന Canara Bank (1138101071706) 31.03.2024 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പത്രിക പ്രകാരം 06.07.2023 ന് Directly Debited By Bank ആയി ചേർത്ത 135658/- നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല.
2. തനത് ഫണ്ട് സൂക്ഷിക്കുന്ന സബ് ട്രഷറി ചങ്ങരംകുളത്തിന്റെ (A/C 799013000000844) 31.03.2024 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 21.05.2022 മുതലുള്ള 9107288/- രൂപ Directly Debited By Bank ആയി ചേർത്ത 9,107,288/- നാളിതു വരെയായിട്ടും ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.
3. ലൈഫ് ഭവനപദ്ധതിയുടെ സ്റ്റേറ്റ് ഷെയറും ലോണും ക്രെഡിറ്റാകുന്ന SBI (A/C No. 00000038067049175) 29.02.204 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം സപ്തംബർ 2022 മുതലുള്ള Directly Debited By Bank ആയി ചേർത്ത **19,640,000/-** നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല.
4. തനത് ഫണ്ട് സൂക്ഷിക്കുന്ന KGB (A/C No. 40287100102977) 30.09.2023 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം മെയ് 2022 മുതലുള്ള Directly Debited By Bank ആയി ചേർത്ത **16,291,596/-** നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല.

## 1-1-11 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല.

1. ലൈഫ് ഭവനപദ്ധതിയുടെ സ്റ്റേറ്റ് ഷെയറും ലോണും ക്രെഡിറ്റാകുന്ന SBI (A/C No. 00000038067049175) 29.02.204 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ **(മെയ് 2022 മുതലുള്ള 50,240,000/-)** സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല.

2. തനത് ഫണ്ട് സൂക്ഷിക്കുന്ന KGB (A/C No. 40287100102977) 30.09.2023 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ **(മെയ് 2022 മുതലുള്ള 10,719,828/-)** സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല.

## 1-1-12 Cash Or Cheque Withdrawl ആയി പിൻവലിച്ച തുക നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല

തനത് ഫണ്ട് സൂക്ഷിക്കുന്ന സബ് ട്രഷറി ചങ്ങരംകുളത്തിന്റെ (A/C 799013000000844) 31.03.2024 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 08.12.2023 തീയതിയിൽ Cash Or Cheque Withdrawl ആയി 96920 രൂപ ( Ch No. 031067) നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല. ട്രഷറിയുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ KGB യുടെ ചെക്ക് പ്രകാരം തുക പിൻവലിക്കൽ നടന്നതെങ്ങനെയെന്നതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-13 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല

1. തനത് ഫണ്ട് സൂക്ഷിക്കുന്ന സബ് ട്രഷറി ചങ്ങരംകുളത്തിന്റെ (A/C 799013000000844) 31.03.2024 ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് ഇനത്തിൽ 09.02.2024 ലെ 232315/- രൂപ നാളിതു വരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്യാത്തതായി കാണുന്നു.
2. ലൈഫ് ഭവനപദ്ധതിയുടെ സ്റ്റേറ്റ് ഷെയറും ലോണും ക്രെഡിറ്റാകുന്ന SBI (A/C No. 00000038067049175) 29.02.204 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് ഇനത്തിൽ 31.03.2023 ലെ 10,060,649/- രൂപ നാളിതു വരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്യാത്തതായി കാണുന്നു.
3. തനത് ഫണ്ട് സൂക്ഷിക്കുന്ന KGB (A/C No. 40287100102977) 30.09.2023 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് ഇനത്തിൽ ആഗസ്റ്റ് 2022 മുതലുള്ള 103,796/- രൂപ നാളിതു വരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്യാത്തതായി കാണുന്നു.
4.തനത് ഫണ്ട് സൂക്ഷിക്കുന്ന KGB (A/C No. 40287100102977) 30.09.2023 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cash Or Cheque Deposited ഇനത്തിൽ 21.09.2023 തീയതിയിലെ 2,924,112/- രൂപ നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല.

## 1-1-14 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

AFS B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുക B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

| ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|
| Literacy Scheme Grant | 38038 | 0 |
| Grant From Suchitwa Mission | 2544788 | 0 |

## 1-1-15 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-16 കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-17 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2024 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-18 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

I) ഓഡിറ്റ് റിക്കവറി ഇനത്തിൽ 27243/- രൂപയുടെ വരവുണ്ടെങ്കിലും ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

Ii)ഷെഡ്യൂൾ B-18 പ്രകാരം 26270834/- രൂപയുടെ അഡ്വാൻസ് ക്രമീകരിക്കാനുണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

Iii)ഷെഡ്യൂൾ B-7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 1104489/- രൂപ ബാധ്യതയുണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

Iv)ഷെഡ്യൂൾ B-5 പ്രകാരം Secured Loan From Co-Operative Bank ഇനത്തിൽ 3842645/- രൂപയും Secured Loan From

KURDFC ഇനത്തിൽ 44729999/- രൂപയും അടവാക്കാനുള്ളതായി കാണുന്നു. എന്നാൽ ലോൺ രജിസ്റ്റർ ഹാജരാക്കത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.
V) വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസുമായി ബന്ധപ്പെട്ട രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായില്ല.
Vi) RP-5 പ്രകാരം ലേലമിനത്തിൽ 46006/- രൂപ വരവുണ്ടെങ്കിലും രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-19 ഇൻവെസ്റ്റ്മെന്റ് ഇനത്തിലെ തുക തെറ്റായി രേഖപ്പെടുത്തി

പരിശോധനക്ക് ഹാജരാക്കിയ FD രസീതികൾ പ്രകാരം 3970029/-രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടെങ്കിലും ഷെഡ്യൂൾ ബി-12 പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 494853/-രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-20 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-21 സാമൂഹ്യസുരക്ഷാപെൻഷൻ ഇനത്തിലെ ചെലവു തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

സേവന സ്റ്റേറ്റ്മെന്റ് പ്രകാരം സാമൂഹ്യക്ഷേമപദ്ധതി ഇനത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഷെഡ്യൂൾ I-14d യിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2963000 |
| വിധവാപെൻഷൻ | 15734600 |
| വാർദ്ധക്യകാലപെൻഷൻ | 31565900 |
| വികലാംഗപെൻഷൻ | 4662800 |
| വിവാഹ ധനസഹായം | 90000 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള | 790200 |

| |
|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ |

## 1-1-22 മുൻകൂർ നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

1.പോസ്റ്റ് മാറ്റിവയ്ക്കുന്നതിനായി (പ്രൊ നം. 11/24) കെ എസ് ഇ ബി ക്ക് 34,509/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത ടി പ്രവർത്തിയുടെ അഡ്വാൻസ് തുക വാർഷികകണക്കിലെ (B-18) Advance To Implementing Agencies-Deposit With Kerala Electricity Board എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. എടപ്പാൾ ഗ്രാമ പഞ്ചായത്തിലെ പ്രവർത്തനരഹിതമായ ടാപ്പുകൾ വിച്ഛേദിക്കുന്നതിനു വേണ്ടി പൊതു ടാപ്പുകൾക്ക് കുടിശ്ശിക-കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ എന്ന പദ്ധതി പ്രകാരം (പ്രൊ നം. 248/24) വാട്ടർ അതോറിറ്റിക്ക് 4,76,000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത ടി പ്രവർത്തിയുടെ അഡ്വാൻസ് തുക വാർഷികകണക്കിലെ (B-18) Advance To Implementing Agencies-Deposit With Kerala Water Authority എന്ന ശീർഷക ത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്-

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| **1/20.03.2023** | **1/30.06.2023** |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 34693343.50 |
| വരവ് | 174855957.5 |
| ആകെ | 209549301 |
| ചെലവ് | 170137740.5 |
| നീക്കിയിരിപ്പ് | 39411559.5 |

കുറിപ്പ്: വാർഷിക കണക്ക് റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൂടെ, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാമൂഹിക സുരക്ഷാ പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവയും ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18756801 | 18756801 | 17526114 | 1230687 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 9169276 | 9169276 | 7246250 | 1923026 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 10006150 | 10006150 | 893347 | 9112803 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5190000 | 5190000 | 4125126 | 1064874 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 2690500 | 2690500 | 3423136 | -732636 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3588000 | 3588000 | 3363164 | 224836 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 217355714 | 115 | 88861717 | 0 | 99 | 53.73 |

കുറിപ്പ് :-

അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 254/24,257/24,260/24 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 255/24,258/24,261/24 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 256/24,259/24,262/24 എന്നീ നമ്പറുകളിലുമായി തൻവർഷത്തിൽ ആകെ ₹3604923/- സോഴ്സ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.**

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1879370 | 1879370 | 1876431 | 2939 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 32825196 | 32825196 | 32825196 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2963000 | 231 |
| വിധവാപെൻഷൻ | 15734600 | 1229 |
| വാർദ്ധക്യകാലപെൻഷൻ | 31565900 | 1644 |
| വികലാംഗപെൻഷൻ | 4662800 | 291 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 790200 | 41 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2024 ന് രാവിലെ 10.30 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6283 /- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 ആസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.
2. വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ വ്യാപകമായ തെറ്റുകൾ ഉള്ളതായി കാണുന്നു.ഇക്കാര്യത്തിൽ സൂക്ഷ്മതയും മേൽനോട്ടത്തിൽ ജാഗ്രതയും പുലർത്തിയില്ല.വിശദാംശങ്ങൾ ഖ.1-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങൽ നടപടികളിൽ അപാകതകളുണ്ട്.
4.പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും വകയിരുത്തിയ തുക ചെലവഴിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.
വിശദാംശങ്ങൾ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.10.2023 | 30.09.2023 | 09.10.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2003 | 1997-98 മുതൽ 2001-02വരെ | 14.03.2003 |

## 1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ":അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ " എന്ന വിഷയത്തിൽ എടപ്പാൾ ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നടത്തിയ അവലോകനം.

### 1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | 40150 |

| 2)ആകെ വാർഡുകളുടെ എണ്ണം | | 19 |
|---|---|---|
| വാർഡ് നമ്പർ | 3)ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4)ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം |
| 1 | 345 | 32 |
| 2 | 353 | 60 |
| 3 | 380 | 3 |
| 4 | 444 | 8 |
| 5 | 411 | 15 |
| 6 | 528 | 12 |
| 7 | 516 | 21 |
| 8 | 319 | 109 |
| 9 | 531 | 9 |
| 10 | 329 | 410 |
| 11 | 498 | 10 |
| 12 | 481 | 21 |
| 13 | 605 | 12 |
| 14 | 569 | 11 |
| 15 | 428 | 11 |
| 16 | 510 | 19 |
| 17 | 486 | 20 |
| 18 | 415 | 17 |
| 19 | 469 | 7 |
| ആകെ | 8617 | 807 |

| | |
|---|---|
| 5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 39 |
| 6)വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ | ഉണ്ട് |

**2)മാലിന്യ ശേഖരണ കാര്യക്ഷമത**

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങളും, ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും , കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംവിധാനം 90ശതമാനത്തിനു മുകളിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്.

**3)മാലിന്യ വേർത്തിരിവ് പാലിക്കൽ**

ശേഖരിക്കുന്ന മാലിന്യങ്ങൾ 90ശതമാനത്തോളം ഉറവിടത്തിൽ തന്നെ വേർ തിരിച്ച് ക്രമീകരിക്കുന്നു. ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന മാലിന്യം MCF ൽ എത്തിച്ച് വേർതിരിച്ചു പരിപാലിക്കുന്നു. ക്ലീൻ കേരള കമ്പനിയാണ് റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യുന്നത് .ഗ്രൈ എക്കോ,തിരൂർ ,സമ്പത്ത് പുഴക്കാട്ടിരി എന്ന സ്ഥാപനങ്ങൾക്കാണ് സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നത്.

**4)റീസൈക്ലിഗ്**

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. (ഉദാഹരണമായി തുണി സഞ്ചികൾ , സ്റ്റീൽ ബോട്ടിലുകൾ എന്നിവ). ലാൻഡ്ഫില്ലുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ ,ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം)നിന്നും ലഭിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

**5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ബോധവല്കരണ നോട്ടീസുകൾ, മൈക്ക് അനൗൺസ്മെന്റ്, നവ മാധ്യമങ്ങൾ വഴിയുള്ള ബോധവല്കരണം, 19 വാർഡിലും വീട്ടുമുറ്റ സദസ്സ്, പഞ്ചായത്ത് തല ശിൽപശാലകൾ ,വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോധവത്കരണം എന്നിവ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായി 45 ബോധവത്കരണ കാമ്പെയിനുകൾ നടത്തിയിട്ടുണ്ട്.

**6)തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായ തൊഴിൽ നല്കുന്നതിനും റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധിക്കുന്നു. പ്രതിമാസം 950 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ശരാശരി 14300 രൂപയോളം പ്രതിമാസം വേതനയിനത്തിൽ ഓരോ ഹരിതകർമ്മസോംഗങ്ങൾക്കും ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല. ഹരിത കർമ്മ സേനാംഗങ്ങൾ വരുമാന വർദ്ധവിനായി ഇനോകുല വിതരണം നടത്തിവരുന്നുണ്ട്.

**7)അടിസ്ഥാന സൗകര്യ വികസനം**

നിലവിൽ 1 MCF മാത്രമാണ് ഗ്രമപഞ്ചായത്തിൽ ഉള്ളത്. ആയത് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ 19വാർഡുകളിലായി 19 മിനി എംസിഎഫുകൾ പ്രവർത്തിക്കുന്നുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു വാഹനം ഉണ്ട്. കുടുംബശ്രീ വഴി 2 ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി വരുന്നു. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ ഓഫീസ് സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കെട്ടിടത്തിലേക്ക് പുതിയ MCF ന്റെ പ്രവർത്തനം മാറ്റുന്നതിന്റെ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. പഞ്ചായത്തിലെ കുടുംബശ്രിയുടെ ന്യൂട്രി മിക്സ് സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിനോട് അടുത്ത് തന്നെ ഒരു കോമ്പൗണ്ടിലാണ് MCF നായി നിർമ്മിച്ചിട്ടുള്ള പുതിയ കെട്ടിടം സ്ഥിതി ചെയ്യുന്നത്. ഹരിത മിത്രം ആപ്പിന്റെ പ്രവർത്തനം 90 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

**8) പാരിസ്ഥിതിക ആഘാതം**

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപയോഗിച്ചതിന് 42500/- രൂപ പിഴ ചുമത്തിയിട്ടുണ്ട്.

**9)പരിശീലനവും വികസനവും**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി പഞ്ചായത്ത് HI,TA,IRTC കോർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. കെൽട്രോൺ പ്രതിനിധി വഴി ഹിരിത മിത്രം ആപ്പ് സംബന്ധിച്ച പരിശീലനം നൽകി.

**10)നിയമങ്ങൾ പാലിക്കൽ**

27.07.2021 ലെ 2(1) നമ്പർ തീരുമാന പ്രകാരം കരട് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലൊ പഞ്ചായത്ത് ഭരണ സമിതി തയ്യാറാക്കുകയും ബൈലോ നമ്പർ ബി5.4179/21 തീയതി.25.08.2021 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ബോധവല്കരണ ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. ഓൺലൈൻ മീഡിയ, നോട്ടീസുകൾ, മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

**11)ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലേയ്ക്ക് 39 ഹരിതകർമ്മസേനാംഗങ്ങളാണുള്ളത്. എല്ലാമാസവും പഞ്ചായത്ത് തല അവലോകനയോഗം നടത്തിവരുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സമയാസമയങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പൊതു ജനങ്ങളിൽ നിന്നുള്ള നിസ്സഹകരണം മൂലം എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. 90ശതമാനത്തോളം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ പിരിച്ചെടുക്കാൻ സാധിക്കുന്നുണ്ട്. ജനങ്ങളുടെ മനോഭാവം, യൂസർ ഫീ നൽകുന്നതിലെ വിമുഖത എന്നിവ പരിമിതികളാണ്. . പുതിയ MCF ന്റെ പ്രവർത്തനം ആരംഭിക്കാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കേണ്ടി വരുന്നതും ആയതിൽ തന്നെ സ്ഥല സൗകര്യം ഇല്ലാത്തതും പരിമിതികൾ സൃഷ്ടിക്കുന്നുണ്ട്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറിഫെസിലിറ്റി (RRF)**

**1)അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| 1)MCF/RRF (സ്ഥിരം /താത്കാലികം) എണ്ണം | 1 MCF വാടക<br>RRF ഇല്ല |

| | |
|---|---|
| | |
| 2)ബെയ് ലിങ് /ഷ്രഡിങ് യുണിറ്റുകൾ ഉണ്ടോ ? | ബെയ് ലിങ് - 1 (പുതിയ കെട്ടിടത്തിൽ- ഇൻസ്റ്റാൾ ചെയ്തിട്ടില്ല.) |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | താൽകാലികം- വാർഡ് 7<br>പുതിയ കെട്ടിട നിർമ്മാണം- വാർഡ് 9 |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | ഉണ്ട് |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? | |
| (ടിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ,സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ,,ശുചിമുറി തുടങ്ങിയവ | ഉണ്ട്<br>1000 Sf |
| 6)അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ | പോറൂക്കര അംശകച്ചേരി |
| 7)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | ഉണ്ട് |
| 8) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നണ്ടോ? | നിലവിൽ ഇല്ല |

**2)മാലിന്യ കൈമാറ്റ കാര്യക്ഷമത**

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി MCFലേക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട് .

**3)മാലിന്യ സംഭരണ ശേഷി**

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്<br>ജൈവം /അജൈവം | 500 KG<br>അജൈവം |
| കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCF/RRF കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ | നിലവിൽ സ്ഥല പരിമിതിയുണ്ട്. പുതിയ കെട്ടിടത്തിന് ആവശ്യമായ വിസ്തൃതിയുണ്ട്. |
| 2)ആകെ വിസ്തൃതി | 1000 |
| അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു. | 1 മാസം |

**4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

| | |
|---|---|
| മാലിന്യം ഇനം തിരിക്കുന്നത് | Types- HM,PP, MILK COVER, LD, REJECT, SCRAP, GLASS WASTE |
| തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ | 1. Fire Extinguisher<br>2. Mask ,Glouse,<br>3. Detol, Hand Wash<br>4. Firstaid Box |

**5)ശുചിത്വമാനദണ്ഡങ്ങൾ**

എം.സി.എഫും പരിസരവും വ്യത്തിയായി സൂക്ഷിച്ച് വരുന്നു.

**6)യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്**

വീടുകളിൽ നിന്നും 30 ദിവസത്തിന്റെ ഇടവേളയിൽ ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. ഷോപ്പുകളിൽ നിന്നും കൃത്യമായ ഇടവേളകളിലും ആവശ്യപ്പെടുന്ന സമയങ്ങളിലുംഅജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്യുന്നു. ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള ക്ലീൻ കേരള കമ്പനിയാണ് റിജകട്ഡ് വേസ്റ്റ് നീക്കം ചെയ്യുന്നത്. സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നത് ഗ്ലൈ എക്കോ,തിരൂർ ,സമ്പത്ത് പുഴക്കാട്ടിരി എന്ന സ്ഥാപനങ്ങൾക്കാണ്.

**മറ്റു വിവരങ്ങൾ**

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ കേരള ഗ്രാമീണ ബാങ്ക് എടപ്പാൾ ശാഖയിൽ (40287101078017)അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു.

| ആകെ വരവ് | ആകെ ചെലവ് |
|---|---|

| | | | |
|---|---|---|---|
| ഗ്യാപ്പ് ഫണ്ട് | ഇല്ല | ഹരിത കർമ്മസേന ശമ്പളം | 3819510/- |
| യൂസർഫീ | 2769295 | ഇനോക്കുലം വാങ്ങിയത്. | 9000 |
| സ്ക്രാപ്പ് വിൽപ്പന | 434690 | മറ്റ് ചെലവ് | - |
| ക്ലീൻ കേരള | | | |
| മറ്റു വരവുകൾ | | | |
| ആകെ | 3203985 | | 3828510 |

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഹരിത കർമ്മ സേനക്ക് ഉപകരണങ്ങൾ വാങ്ങൽ(231/24) | ധനകാര്യ കമ്മീഷൻ അവാർഡ്- | 250000 | 134790 |
| 2 | മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ(218/24) | വികസനഫണ്ട്-12000 തനത് ഫണ്ട്-38000 | 50000 | 3400 |
| 3 | സ്മാർട്ട് ഗാർബേജ് ആപ്പ് ഹരിത മിത്രം ക്യൂ ആർ കോഡ് സമ്പ്രദായം നടപ്പിലാക്കൽ (39/24) | വികസനഫണ്ട്-304900 ധനകാര്യ കമ്മീഷൻ അവാർഡ്-72500 | 377400 | 304900 |

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമ പഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ MCF വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിന് സ്ഥല സൗകര്യ പരിമിതികളുണ്ട്. ഗ്രാമ പഞ്ചായത്തിന് സ്വന്തം കെട്ടിടത്തിൽ എം.സി.എഫിന്റെ പ്രവർത്തനം താമസം കൂടാതെ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്.
3. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങളിൽ ഉറവിടത്തിലെ മാലിന്യ സംസ്കരണം, മാലിന്യം കുറക്കൽ തുടങ്ങി വിഷയങ്ങളിൽ ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

## 1-12 പാരൊമഡിക്കൽ രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ പാരൊമഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. ഗ്രാമപഞ്ചായത്തിലെ ഹരിതമിത്രം ആപ്ലിക്കേഷനിലെ സ്ഥാപനങ്ങൾ സംബന്ധിച്ച ലിസ്റ്റിൽ നിന്നും 18 ഹെൽത്ത് കെയർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പാരൊമഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 6 ഓളം സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. ബാക്കി സ്ഥാപനങ്ങൾ പാരൊമഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെയും ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാകുന്നു. ഫാക്ടറി മറ്റ് വ്യാപാരസ്ഥാപനങ്ങൾ എന്നിവക്കുള്ള ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ രജിസ്ട്രേഷൻ എടുത്ത സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.

1. അമ്പിളി ക്ലിനിക്ക്

2. ഗ്രീൻ ഹോമിയോ ക്ലിനിക്ക്

എന്നാൽ പാരൊമഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഈ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല. അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (29/19.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനും ലൈസൻസും എടുത്തിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി 94% ഡാറ്റാ സർവേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| 1 | കച്ചവടസ്ഥാപനങ്ങൾ | 728 |
| 2 | മാർക്കറ്റ് | 2 |
| 3 | സലൂൺ | 10 |
| 4 | പ്രൈവറ്റ് ഹോസ്പിറ്റൽ / ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 18 |
| 5 | ഹോട്ടൽ | 27 |
| 6 | ഓഡിറ്റോറിയം | 4 |
| 7 | പൗൾട്രി/ സ്ലോട്ടർ/ഫിഷ് സ്റ്റാൾ | 2 |
| 8 | ഓഫീസ് കെട്ടിടങ്ങൾ | 54 |
| | ആകെ | 845 |

ലൈസൻസ് ആവശ്യമുള്ള 845 സ്ഥാപനങ്ങൾ നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഹരിതമിത്രം ആപ്ലിക്കേഷനിലെ സ്ഥാപനങ്ങൾ സംബന്ധിച്ച ലിസ്റ്റിൽ നിന്നും വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം 647 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത് എന്ന്

ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചിട്ടുള്ളത്. ( ലൈസൻസുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ILGMS ൽ നിന്ന് ലഭ്യമായ വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്) ഹരിതകർമ്മസേനയുടെ 94% ഡാറ്റാ സർവേ മാത്രമേ പൂർത്തിയായിട്ടുള്ളൂ. ആയതിനാൽ തന്നെ മേൽ പട്ടികയിലെ സ്ഥാപനങ്ങളുടെ എണ്ണം ഇനിയും വർദ്ധിക്കാനാണ് സാധ്യത. പട്ടികയിലെ വിവരങ്ങളിൽ നിന്ന് പഞ്ചായത്തിൽ 200 ഓളം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാകുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻകൃയറി (29/19.09.2024 ) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

## 1-14 വേക്കൻസി റമിഷൻ - ചട്ടം പാലിക്കാതെ ഇളവു നൽകി

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസേമാ അതിൽ കൂടുതലോ ആയ കാലത്തേക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക ഇളവ് നൽകാവുന്നതാണ്. ചട്ടം 21 (2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. മേൽ ചട്ടം പാലിക്കാതെ നികുതിയിളവ് നൽകിയ കെട്ടിടങ്ങൾക്ക് ; ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | കെട്ടിട ഉടമ | കെട്ടിട നം | അപേക്ഷ നൽകിയ തീയതി | നികുതി ഒഴിവാക്കിയ കാലയളവ്/ ഒഴിഞ്ഞ് കിടന്ന കാലയളവ് |
|---|---|---|---|---|---|
| 1 | 1 | സുഭാഷ് | 206 FGH | 14.02.2024 | 01.10.2023-31.03.2024 |

| | | | | | |
|---|---|---|---|---|---|
| 2 | 6 | ഇഖിബാൽ | 298 FG | 20.02.2024 | 01.10.2023-31.03.2024 |
| 3 | 7 | ആസിയ | 51 - BCDEFghi | 24.02.2024 | 01.10.2023-31.03.2024 |
| 4 | 8 | മൊയ്തീൻകോയ, സുബൈദ | 571 EFGH | 20.06.2023 | 01.04.2023-30.09.2023 |
| 5 | 8 | അലി | 600 ABCDIJKL | 18.11.2023 | 01.04.2023-30.09.2023 |
| 6 | 8 | മുഹമ്മദ് ജാബിർ ആന്റ് അദേഴ്സ് | 604 FGJk | 11.07.2023 | 01.10.2023-31.03.2024 |

അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (32/20.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടം പാലിക്കാതെ നികുതിയിളവ് നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. ചട്ടപ്രകാരം മാത്രം നികുതിയിളവ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും വസ്തുനികുതിയിനത്തിൽ നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

## 1-15 അതിദിരിദ്രർക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. 96/24 അതിദിരിദ്രർക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 100000(വികസന ഫണ്ട് )

ചെലവ്- 100000/-

ഈ പദ്ധതിയുടെ ഭാഗമായി അതി ദിരിദ്രർക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മരുന്നുകളൊന്നും

ലഭ്യമായിട്ടില്ല.

| പ്രെഫോർമ ഇൻവോയ്സ് | നൽകിയ തുക,ബിൽ നമ്പർ |
|---|---|
| PRF4804/05.03.24 ₹ 100000/- | 100000/- 231512520342015219 84/25.03.2024 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 20/18.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-ഉപകരണം ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. 234/24 രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 1050000(ഹെൽത്ത് ഗ്രാന്റ് )

ചെലവ്- 158111/-

ഈ പദ്ധതിയുടെ ഭാഗമായി ആരോഗ്യ സ്ഥാപനത്തി ലേക്ക് Electronic Adult Weighing Scale (Platform Type) വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ ഉപകരണം ലഭ്യമായിട്ടില്ല.( ചെലവ് തുകയിൽ 143844 രൂപയ്ക്ക് പരിശോധന റീയെജന്റ്, കിറ്റുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.)

| പ്രെഫോർമ ഇൻവോയ്സ് | നൽകിയ തുക,ബിൽ/ വൗച്ചർ നമ്പർ |
|---|---|
| PRF342/23.03.24 ₹ 14267/- | 14267/- 22300996/27.03.2024 |

Electronic Adult Weighing Scale ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 23/18.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണം ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-17 "അരികെ പരിരക്ഷ ഹോംകെയർ" പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 100/24 അരികെ പരിരക്ഷ ഹോംകെയർ പദ്ധതി

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 1150000/- (1000000-വികസന ഫണ്ട് ,150000-തനത് ഫണ്ട്)

ചെലവ്- 1025425/- ( 875594-വികസന ഫണ്ട് ,149831-തനത് ഫണ്ട്)

1)ഈ പദ്ധതിയുടെ ഭാഗമായി കിടപ്പിലായ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മരുന്നുകളൊന്നും ലഭ്യമായിട്ടില്ല. (ചെലവ് തുകയിൽ അവശേഷിക്കുന്ന തുക നഴ്സ് ഹോണറേറിയം, ഡ്രൈവറുടെ ദിവസക്കൂലി, ഭക്ഷണം തുടങ്ങിയവക്ക് ചെലവഴിച്ചിട്ടുണ്ട്.)

| പ്രൊഫോർമ ഇൻവോയ്സ് | നൽകിയ തുക,ബിൽ നമ്പർ |
|---|---|
| PRF3619/01.02.24 ₹ 4,36,180/- | 4,36,180/- 23151252034201209/13.02.2024 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) പദ്ധതിയുടെ ഭാഗമായി വൗച്ചർ നമ്പർ 22300869/05.03.2024 പ്രകാരം 149831/- രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 22/18.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതും ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-18 വനിതകൾക്ക് എയറോബിക്സ് പരിശീലനം -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ- 176/24വനിതകൾക്ക് എയറോബിക്സ് പരിശീലനം

നിർവ്വഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ-1,00000/-(98000തനത് ഫണ്ട് ,2000 വികസന ഫണ്ട്)

ചെലവ് -99570/-(97570തനത് ഫണ്ട് ,2000 വികസന ഫണ്ട്)

വൗച്ചർ നമ്പർ - 22300851/21.02.24 ₹61570

22300977/25.03.2024 ₹36000/-

BRN-23151252034601253930/21.02.2024₹2000/-

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ വനിതകൾക്ക് ഏയറോബിക്സ് പരിശീലനം നൽകുന്നതിന് പരിശീലകർക്കുള്ള വേതനം, Amplifier Set വാങ്ങൽ എന്നിവക്കാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത് . പദ്ധതി നിർവ്വഹണത്തിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1) പരിശീലകരായ ശ്രീമതി.രശ്മി പി.കെ., വിസ്മയ എ.സി. എന്നിവരുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2) പരിശീലനം നടത്തിയിട്ടുള്ളത് 2024 ഫെബ്രുവരി 1 മുതൽ മാർച്ച് 11 വരെയുള്ള ദിവസങ്ങളിൽ 30 ദിവസത്തിലാണ്. പരിശീലനാർത്ഥികളുടെ തെരഞ്ഞെടുപ്പിന് ഭരണ സമിതി അംഗീകാരം നൽകിയിട്ടുള്ളത് 10.05.2024(തീരുമാനം 8(16)) ൽ ആണ്. പങ്കെടുത്തവരുടെ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകിയിട്ടുള്ളതും 10.05.2024(തീരുമാനം 8(165) ൽ ആണ്. പദ്ധതി നടപ്പിലാക്കി തുക ചെലവഴിച്ചതിന് ശേഷം മാത്രമാണ് ഭരണ സമിതിയുടെ അംഗീകാരത്തിനായി നൽകിയിട്ടുള്ളത്.

3)പദ്ധതിയുടെ ഭാഗമായി 3 Amplifier Set (BTA880) ഇൻവോയ് നമ്പർ SUN00391/2023-24 Dtd22.12.2023 Gem മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന്റെ സ്റ്റോക്ക് വിവരം ലഭ്യമല്ല. പദ്ധതി അവസാനിച്ചതിനാൽ വാങ്ങിയ സാധനങ്ങളുടെ നിലവിലെ സൂക്ഷിപ്പ് വിവരം ലഭ്യമാക്കേണ്ടതാണ്.

4)മൂന്ന് സെന്ററുകളിലായാണ് പരിശീലനം നൽകിയിട്ടുള്ളത്.1 തുയ്യം വായനശാല 2.കോലളമ്പ് സെന്റർ 3. പോറൂക്കര യാസ്പോ. ആയതിൽ ക്രമ നമ്പർ 1,2 എന്നിവയിൽ ശ്രീമതി. രശ്മി.പി.കെ.എന്നവരാണ് പരിശീലക. എന്നാൽ സെഷനുകളുടെ സമയക്രമത്തിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

4)പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് രേഖകൾ/മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 27/19.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 അംഗൻവാടികൾക്ക് മിക്സി വാങ്ങി നൽകൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ- 129/24അംഗൻവാടികൾക്ക് മിക്സി വാങ്ങി നൽകൽ

നിർവ്വഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ-1,74,900/-(തനത് ഫണ്ട് )

വൗച്ചർ നമ്പർ - 22300980/25.03.24 ₹1,28,634/-

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 33 അംഗൻവാടികൾക്ക് മിക്സി വാങ്ങുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. ഭരണസമിതിയുടെ 13.12.2023 ലെ 1(6) നമ്പർ തീരുമാന പ്രകാരം ഡ്രീം ഹോം ഫർണ്ണീച്ചർ, ബാലുശ്ശേരി എന്നവരുടെ ബ്ലൂ ലീഫ് സിൽവർ എന്ന മോഡലിള്ള (4830/- രൂപ) മിക്സിയുടെ ടെണ്ടർ അംഗീകരിക്കുകയും 27.01.2024 ന് ഇ-മെയിൽ മുഖേന പർച്ചേസ് ഓർഡർ സ്ഥാപനത്തിന് നൽകി. 24.02.2024 ന് ടി കമ്പനി മിക്സികൾ വിതരണം ചെയ്തിട്ടില്ലെന്നും സിതാര ഷോപ്പിംഗ് സെന്റർ,കോട്ടയം എന്ന സ്ഥാപനത്തിന്റെ 3749/- രൂപയുടെ മിക്സി വാങ്ങുന്നതിന് അംഗീകാരം നൽകാനും നിർവ്വഹണോദ്യോഗസ്ഥ ഭരണസമിതിയോട് അഭ്യർത്ഥിച്ചു. 26.02.2024 ലെ 1(7) തീരുമാന പ്രകാരം ടി കമ്പനിയുടെ 3898/- രൂപയുടെ മിക്സികൾ വാങ്ങുന്നതിന് അംഗീകാരം നൽകി. പദ്ധതി നിർവ്വഹണം നടത്തിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1)ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പു മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് സിതാര ഷോപ്പിംഗ് സെന്റർ, തലയോലപറമ്പ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 1,28,634/-രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.( ഇൻവോയ്സ് നമ്പർ B69/09.03.2024 ₹46776/-,B70/09.03.2024 ₹46776/-,B71/09.03.2024 ₹35082/-)

2)ഡ്രീം ഹോം ഫർണ്ണീച്ചർ, ബാലുശ്ശേരി എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായി ഫയലിൽ കാണുന്നില്ല. ആയതിനാൽ പർച്ചേഴ്സ് ഓർഡർ നൽകിയതിന് ശേഷം പിൻവാങ്ങിയതിനാൽ ടി കമ്പനിക്കെതിരെ നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3)സിതാര ഷോപ്പിംഗ് സെന്റർ,കോട്ടയം എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ മിക്സിയുടെ സ്പെസിഫിക്കേഷൻ, വാരന്റി പിരിയേഡ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

4)ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ സാമ്പിളുകൾ ഹാജരാക്കിയതിന്റെയും അവ പരിശോധിച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

5)സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് ഡീറ്റേയിൽസ്, വാരന്റി ഡീറ്റെയിൽസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

6)മേൽ വാങ്ങലുകളുടെ പ്രൊക്യുർമെന്റ് കമ്മറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

7)പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

8) കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനങ്ങൾ ഉണ്ടായിരിക്കെ ഉയർന്ന നിരക്ക് 4830/-രൂപ ക്വാട്ട് ചെയ്ത ഡ്രീംഹോം ഫർണിച്ചർ എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് രേഖകൾ/മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 26/19.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,28,634/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം- നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി: - 99/24 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കേളർഷിപ്പും ബത്തയും

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ തുക- 2150000/-രൂപയിൽ(1405000 പ്ലാൻ ഫണ്ട് വിഹിതം+450000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+215000 ജില്ലാ പഞ്ചായത്ത് വിഹിതം+80000 തനത് ഫണ്ട്)

ചെലവ് 2090497/- രൂപ (145000 പ്ലാൻ ഫണ്ട് വിഹിതം+450000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം+180000 ജില്ലാ പഞ്ചായത്ത് വിഹിതം +55497തനത് ഫണ്ട്) വിവിധ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി ചുവടെ ചേർത്ത

ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം/തിയതി | തുക |
|---|---|---|
| 1 | 231512520346007193 42/31.10.2023 | 267512 |
| 2 | 231512520346015000 09/24.03.2024 | 1137488 |
| 3 | 22300978/25.03.2024 | 55497 |
| 4 | 231512520346014941 75/24.03.2024 | 50000 |
| 5 | 231512520346015055 58/24.03.2024 | 32000 |
| 6 | 231512520346012335 00/13.02.2024 | 100000 |
| 7 | 231512520346012334 21/13.02.2024 | 148000 |
| 8 | 231512520346006040 58/29.09.2023 | 300000 |
| | ആകെ | 2090497/- |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, 2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 (എ)) പട്ടിക പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തുകയേക്കാൾ അധികമായി താഴെപ്പറയുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചിതായി കാണുന്നു. അപേക്ഷയുടെ കൂടെ ലഭ്യമാക്കിയ ബാങ്ക് അക്കൗണ്ടിലേക്കല്ല തുക കൈമാറിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര്, പഠിക്കുന്ന ക്ലാസ്, സ്ഥാപനം | ഭിന്നശേഷി സ്വഭാവം, സർട്ടിഫിക്കറ്റ് വിവരം | അനുവദനീയമായത് | അനുവദിച്ചത്, ബിൽ വിവരം | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| റെന അഷ്റഫ്. കെ<br>+2CHSSH കൊളത്തര | Hearing Lose-55%<br>മെ.ബോ.13/ April/12<br>Dtd 26.04.2012 | 12x<br>പ്രതിമാസ തുക 600 +വാർഷിക ബത്ത 800=8000/- | മുകളിലെ പട്ടികയിലെ ക്രമനം. 2,3,4,5,6,7<br>ബില്ലുകൾ പ്രകാരം യഥാക്രമം 16485, 506, 595,500, 850,2000, 2720<br>എന്നിങ്ങനെ ആകെ 23656/- രൂപ അനുവദിച്ചു. | 15656/- | അപേക്ഷയുടെ കൂടെയുള്ള ബാങ്ക് അക്കൗണ്ട്-41696550570<br>തുക അനുവദിച്ച ബാങ്ക് അക്കൗണ്ട്-67208771641 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 23/18.09.2024) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തുടർവർഷം നൽകുന്ന സ്കോളർഷിപ്പ് തുകയിലേക്ക് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു. അപാകതകൾ പരിഹരിക്കേണ്ടതാണ്. തുക ക്രമീകരിച്ച് വിവരം അറിയിക്കുന്നത് വരെ അധികം നൽകിയ 15656/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-21 ഓണം അഡ്വാൻസ് തിരിച്ചു പിടിച്ചില്ല

ഫയൽ നമ്പർ 4894

ഗ്രാമ പഞ്ചായത്തിലെ ഡ്രൈവർ ശ്രീ ഷീം ടി രാജിന് 2023-24 വർഷത്തിൽ 5000 രൂപ ഓണം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ 22300262/23.8.2023) അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2000 രൂപ മാത്രമാണ് ടിയാനിൽ നിന്നും തിരിച്ചു പിടിച്ചിട്ടുള്ളത്.അവശേഷിക്കുന്ന 3000 രൂപ തിരിച്ചു പിടിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 10/12.9.24പ്രകാരം ഓഡിറ്റ് എൻകുയറി നൽകിയിരുന്നു. ഓഡിറ്റ് എൻകുയറിക്കുള്ള മറുപടിയിൽ ടിയാനിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കിയില്ല

സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക ഓരോ അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2023-24വർഷത്തെ 1ാം ഗഡു (2023-24 ലെ 1ാം അർദ്ധവർവർഷം ) ലൈബ്രറി സെസ്സ് തുക അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. തുക അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

ഫയൽ നമ്പർ 5789

| പിരിച്ചെടുത്ത തുക (₹) | അടവാക്കേണ്ട തിയ്യതി | അടവാക്കിയ തിയ്യതി (വൗച്ചർ) |
|---|---|---|
| 66,592 | 31.10.23 | വൗച്ചർ നം:22300568/4.12.23 |

ലൈബ്രറി സെസ്സ് തുക കൃത്യ സമയത്ത് അടവാക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 10/12.9.24 പ്രകാരം ഓഡിറ്റ് എൻകുയറി നൽകിയിരുന്നു.ഓഡിറ്റ് എൻകുയറിക്കുള്ള മറുപടിയിൽ ജോലിത്തിരക്കുമൂലം ലൈബ്രറി സെസ്സ് സമയത്ത് അടവാക്കുവാൻ കഴിഞ്ഞില്ലയെന്നും മേലിൽ കൃത്യ സമയത്ത് അടവാക്കുവെന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-23 വാഹനങ്ങളുടെ വിവരം VEELS വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തില്ല.

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Managementand Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും മേൽപ്പറഞ്ഞ വിവരങ്ങൾ VEELS ൽ രേഖപ്പെടുത്തിയതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 9/12.9.24 പ്രകാരം ഓഡിറ്റ് എൻകുയറി നൽകിയിരുന്നു.ഓഡിറ്റ് എൻകുയറിക്കുള്ള മറുപടിയിൽ മേൽ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ഹെൽത്ത് സെന്റർ,ഹോമിയോ ഡിസ്പൻസറി എന്നിവിടങ്ങളിലേക്ക് ലാപ്പ്ടോപ്പ് ലഭ്യമായില്ല.

| | |
|---|---|
| വർഷം | 2023-24 |
| പ്രൊജെക്ട് നമ്പർ/പേര് | 116/23-24<br>ഹെൽത്ത് സെന്റർ,ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലേക്ക് ലാപ്പ്ടോപ്പ് വാങ്ങൽ |
| ആകെ അടങ്കൽ | 2,66,000രൂപ<br>തനത് ഫണ്ട് |
| ചെലവ് | 2,55,808രൂപ |
| നിർവഹണ | സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |

ഫയൽ നമ്പർ 1645/23-24

ഗ്രാമ പഞ്ചായത്തിലെ 6 ഹെൽത്ത് സെന്ററുകൾ ,ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലേക്ക് ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിനായി കെൽട്രോണിൽ താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/ തിയതി | ഉപകരണം | എണ്ണം | വില | ആകെ വില |
|---|---|---|---|---|
| 2300986/31.3.24 | ലാപ്പ്ടോപ്പ് | 7 | 36,544 | 2,55,808 |

ലാപ്പ്ടോപ്പുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 12/12.9.24പ്രകാരം ഓഡിറ്റ് എൻകയറി നൽകിയിരുന്നു.ഓഡിറ്റ് എൻകയറിക്കുള്ള മറുപടിയിൽ ട്രഷറി അക്കൗണ്ടിലേക്ക് തുക കൈമാറുന്നതിലുണ്ടായ സാങ്കേതിക പ്രശ്നം കാരണം മേൽ തുക തിരിച്ച് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കുകയും തുടർന്ന് തുക ചെക്ക് നമ്പർ 5494382/6.9.24 പ്രകാരം കെൽട്രോണിന് നൽകുകയുണ്ടായി എന്നറിയിച്ചിട്ടുണ്ട്. ലാപ്പ്ടോപ്പുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.ലാപ്പ്ടോപ്പുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക 2,55.808 രൂപ തടസ്സം ചെയ്യുന്നു.

## 1-25 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ വിട്ട് കിട്ടിയ സ്ഥാപനങ്ങൽക്ക് ആവർത്തനച്ചെലവുകൾക്കായി താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർ നം തിയതി | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫയൽ നമ്പർ |
|---|---|---|---|---|
| 1 | 22300289/1.9.23 | 20000 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4067 |
| 2 | 22300422/5.7.23 | 20000 | മെഡിക്കൽ ഓഫീസർ ഹോമിയോ | 4062 |

| | | | | |
|---|---|---|---|---|
| 3 | 22300437/13.9.23 | 1,60,000 | ഐസിഡിഎസ് സൂപ്പർവൈസർ | 5174 |
| 4 | 22300643/24.8.23 | 1,10,000 | ഹെഡ്മാസ്റ്റർ | 4934 |
| | ആകെ | 3,10,000 | | |

ഇതു സംബന്ധിച്ച് നമ്പർ 13/ 12.9.24 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയിരുന്നു.നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 3,10,000 രൂപ തടസ്സം ചെയ്യുന്നു.

## 1-26 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമനമ്പർ | ഇനം | തുക | ബിൽ /വൗച്ചർ നമ്പർ/ തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 2/23-24 എസ് എസ് കെ വിഹിതം നൽകൽ വികസന ഫണ്ട് | 10,00,000 | 23151252002000343631/ 21.7.23 | സമഗ്ര ശിക്ഷ കേരള സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർക്ക് അടവാക്കിയത്. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| 2 | 4/23-24 എസ് എസ് കെ വിഹിതം | 8,00,000 | 23151252002000343635/ 21.7.23 | സമഗ്ര ശിക്ഷ കേരളസ്റ്റേറ്റ് പ്രൊജക്ട് |

| | | | | |
|---|---|---|---|---|
| | നൽകൽ വികസന ഫണ്ട് എസ് സി പി | | | ഡയറക്ടർക്ക് അടവാക്കിയത്. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| 3 | 242/23-24 ഐഎസ്ഒ കൺസൾട്ടേഷൻ ഫീസ് നൽകൽ തനത് ഫണ്ട് | 12500 | 22300811/11.1.24 | ടാറ്റ പ്രൊജക്ട്സ് ലിമിറ്റഡ് ഹൈദ്രാബാദിനു നൽകിയത്. |
| 4 | 11/23-24 പോസ്റ്റ് മാറ്റിവയ്ക്കൽ തനത് ഫണ്ട് | 34,509 | 22300542 /22.11.23 | കെഎസ് ഇബി ഇലക്ട്രിക്കൽ സെക്ഷൻ എടപ്പാളിൽ അടവാക്കിയത്. |
| 5 | 248/23-24 പൊതു ടാപ്പുകൾക്ക് കുടിശ്ശിക-കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ തനത് ഫണ്ട് | 4,76,000 | 2230894/20.12.23 | എടപ്പാൾ ഗ്രാമ പഞ്ചായത്തിലെ പ്രവർത്തന രഹിതമായ ടാപ്പുകൾ വിച്ഛേദിക്കുന്നതിനു വേണ്ടി അസി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| | | | | എടപ്പാൾ ഓഫീസിൽ അടവാക്കിയത്. |
| 6 | 80/23-24 എടപ്പാൾ സൗരപ്രഭ ധനകാര്യ കമ്മീഷൻ അവാർഡ് | 4,00,000 | 295/1.3.24 | അനർട്ട് മലപ്പുറത്ത് നിക്ഷേപിച്ചത്. |
| | ആകെ | 2723009 | | |

ഇതു സംബന്ധിച്ച് നമ്പർ 24/19.9.24 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 27,23,009 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 ബെയ്ലിംങ് മെഷിൻ വാങ്ങൽ-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രാജക്ട് നം/ പേര് | 174/23-24 -എം സി എഫിലേക്ക് ബെയ്ലിങ് മെഷീൻ വാങ്ങൽ | അടങ്കൽ/ ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -270000 കേന്ദ്രാവിഷ്കൃത ഫണ്ട്-630000 |
| ചെലവ് | 345100 | വൗച്ചർ നം/ തീ | 22301027/31.3.24 |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | സെക്രട്ടറി | എഗ്രിമെന്റ് നം | 12.3.2024 |

| | | | |
|---|---|---|---|
| കോൺട്രാക്ടർ | ആർ ജെ എന്റർപ്രൈസസ് കോട്ടയം | നിരക്ക് | 3,45,100 കേന്ദ്രാവിഷ്കൃത ഫണ്ട് |

MCF ബെയ്ലിങ് മെഷീൻ (7.5 Hp)വാങ്ങൽ പദ്ധതി പ്രകാരം ആർ ജെ എന്റർപ്രൈസസ് കോട്ടയം എന്ന ഏജൻസിയിൽ നിന്നും ജെം മുഖാന്തിരം 3,45,100രൂപ ചെലവഴിച്ച് ബെയ്ലിങ് മെഷിൻവാങ്ങിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഇൻസ്റ്റലേഷൻ ആയതിനാൽ 1% WW.F ഈടാക്കിയിട്ടില്ല

2.സ്ഥാപനത്തിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

3 സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല.

4 പദ്ധതി പ്രവർത്തനക്ഷമമാണെന്നുള്ള മോണിട്ടറിങ് റിപ്പോർട്ട് ഇല്ല

മേൽ വിഷയം സംബന്ധിച്ച് നമ്പർ 25/19.9.24 പ്രകാരം ഓഡിറ്റ് എൻകയറി നൽകിയിരുന്നു. ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

18.9.24 ന് നടത്തിയ സ്ഥല പരിശോധനയിൽ ബെയ്ലിങ് മെഷിൻ പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന് എം സി എഫ് കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞു.മെഷിൻ പ്രവർത്തനക്ഷമമാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതിയിലെ കോൺക്രീറ്റ് പ്രവൃത്തി- സിമന്റ് വാങ്ങുന്നതിന് അധിക നിരക്ക് നൽകുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടത്തി വെണ്ടർമാരിൽ നിന്നും ഒരു ചാക്ക് സിമന്റിന് 550 രൂപ നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ 375/- മുതൽ 410/- രൂപവരെയാണ് ഒരുചാക്ക് സിമന്റിന് വിവിധ ബ്രാന്റ്കളുടെ മാർക്കറ്റ് വില.

MGNREGS -യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE എന്ന സോഫ്റ്റ്വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്വെയർ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (Rs. 11650 രൂപ/ടൺ) വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിനു് യഥാർത്ഥ

മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്നും MGNREGS ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNREGS മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിനു് യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. മാത്രമല്ല, പരമാവധി ഒരുചാക്കിന് 430/- രൂപയാണ് നിരക്ക് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്വെയറിൽ ഉള്ള നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് കോൺക്രീറ്റ് പ്രവൃത്തികളിലേക്ക് ആവശ്യമായ സിമന്റന് തുക നൽകിയിട്ടുള്ളത്. ആയതിനാൽ അധിക ചെലവ് ഉണ്ടായതായി കാണുന്നു.വിശദ വിവരം ചുവടെ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ വിവരം | വാങ്ങിയ സിമന്റിന്റെ അളവ്/വില (Tonne) |
|---|---|---|
| 1 | വൈദ്യർപടി തച്ചറ വളപ്പിൽ റോഡ് നിർമ്മാണം (വാർഡ് 7)<br>ആകെ ചെലവ്- 220650/-<br>FTO No. KL1605010001-121023APB-FTO-583217/ 12.10.2023<br>M Book No.611<br>വെണ്ടർ- മുഹമ്മദ് ഇഖ്ബാൽ അറക്കൽ | 9 Tonne / @Rs.11650/- = 104850 |
| 2 | ദുബൈപ്പടി കളത്തിൽ റോഡ് നിർമ്മാണം(വാർഡ് 18)<br>ആകെ ചെലവ്- 449646/-<br>FTO No. 0121EATPAYREQ2602202416832/ 26.02.2024<br>M Book No. 749 | 20Tonne / @Rs.11000/- = 220000 |

| | | |
|---|---|---|
| | വെണ്ടർ- മുഹമ്മദ് ഇഖ്ബാൽ അറക്കൽ | |
| 3 | പാറക്കുളം പരുവിങ്ങൽ താഴം റോഡ് നിർമ്മാണം (വാർഡ് 7)<br>ആകെ ചെലവ്- 317910/-<br>FTO No. KL1605010001-121023APB-FTO-583196/ 12.10.2023<br>M Book No. 599<br>വെണ്ടർ- മുഹമ്മദ് ഇഖ്ബാൽ അറക്കൽ | 12.5 Tonne / @Rs.11650/- = 145625 |
| 4 | പറയം വളപ്പിൽ റോഡ് നിർമ്മാണം (വാർഡ് 9)<br>ആകെ ചെലവ്- 456355/-<br>FTO No. 0121EATPAYREQ06122023164355/ 6.12.2023<br>M Book No. 650<br>വെണ്ടർ- മുഹമ്മദ് ഇഖ്ബാൽ അറക്കൽ | 18.8Tonne / @Rs.11000/- = 206800 |
| 5 | പൂച്ചേരിക്കൽ പയങ്കുളം കായൽ റോഡ് നിർമ്മാണം(വാർഡ് 7)<br>ആകെ ചെലവ്- 259323/-<br>FTO No. 0121EATPAYREQ00711202316135/ 7.11.2023<br>M Book No. 600<br>വെണ്ടർ- മുഹമ്മദ് ഇഖ്ബാൽ അറക്കൽ | 11Tonne / @Rs.11650/- = 128150 |

| | | |
|---|---|---|
| 6 | കോട്ടപ്പുറം പാങ്ങാട് റോഡ് നിർമ്മാണം (വാർഡ് 13)<br>ആകെ ചെലവ്- 365410/-<br>FTO No. 0121EATPAYREQ0510202316226/ 5.10.2023<br>M Book No. 569<br>വെണ്ടർ- മുഹമ്മദ് ഇഖ്ബാൽ അറക്കൽ | 14.3Tonne / @Rs.11650/- = 166595 |
| 7 | കടവ് കോളനി റോഡ് നിർമ്മാണം (വാർഡ് 13)<br>ആകെ ചെലവ്- 112249/-<br>FTO No. 0121EATPAYREQ06122023163083/ 6.12.2023<br>M Book No. 543<br>വെണ്ടർ- മുഹമ്മദ് ഇഖ്ബാൽ അറക്കൽ | 4.8Tonne / @Rs.11650/- = 55920 |

സിമന്റ് ഉൾപ്പടെയുള്ള സാധനങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ജിഎസ് ടി ബിൽ പരിശോധനക്ക് ഹാജരാക്കിയില്ല. ഇൻവോയ്സ് മാത്രമാണ് ഫയലിൽ വെച്ചിട്ടുള്ളത്. സിമന്റ് ഉൾപ്പടെയുള്ള സാധനങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ലഭ്യമാക്കി പരിശോധിച്ച് മേൽ ഉത്തരവിന് വിരുദ്ധമായി സിമന്റ് വാങ്ങുവാൻ കൂടുതൽ തുക ചെലവഴിച്ചത് തിരിച്ചു പിടിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 31/19.9.24 പ്രകാരം ഓഡിറ്റ് എൻകുയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 1-29 അസി.എഞ്ചിനീയർ -കാഷ്ബുക്ക് അപാകതകൾ

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് ക്യാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്

വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ ക്യാഷ്ബുക്ക് സൂക്ഷിക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) TR7A മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ക്യാഷ് ബുക്ക് പ്രതിമാസ , വാർഷിക ക്ലോസിംഗ് നടത്തുകയോ ബാങ്ക് റീകൺസിലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല.
2) വരവു ചെലവുകളുടെ തിയ്യതി, വൗച്ചർ/ബിൽ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.
3) അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
അസി.എഞ്ചിനീയറുടെ പേരിലുള്ള എടപ്പാൾ SBI ശാഖയിൽ ഉള്ള 37375814840 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.03.24ന് 58915 രൂപയും എടപ്പാൾ ഗ്രാമീണ ബാങ്കിലെ 40287111000502 നമ്പർ അക്കൗണ്ടിൽ 31.3.24 ന് 65688 രൂപയും നീക്കിയിരിപ്പുണ്ട്. ഇത് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
4) കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി 17/ 18.09.2024 ന് അപാകതകൾ പരിഹരിക്കുന്നതും ഭാവിയിൽ ക്രമപ്രകാരം കാഷ്ബുക്ക് എഴുതുന്നതാണെന്നും മറുപടി ലഭ്യമാക്കി. ബാങ്ക് അക്കൗണ്ടിലെ തുകകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയതായി രേഖകൾ ഹാജരാക്കുകയും ചെയ്തു.അപാകതകളില്ലാതെ കാഷ്ബുക്ക് എഴുതേണ്ടതാണ്.

## 1-30 പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയില്ല- വകയിരുത്തിയ ഫണ്ടിൽ വൻ തുക ചെലവഴിക്കാനായില്ല

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ഫണ്ട് ചെലവഴിക്കാൻ കഴിയാത്തതിനാൽ വൻ തുക ഗ്രാമ പഞ്ചായത്തിന് ലാപ്സായി. പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും ആസ്തി സംരക്ഷണത്തിനും അതു വഴി പൊതു സമൂഹത്തിന്റെ ഉന്നമനത്തിനും നാടിന്റെ വികസനത്തിനും വേണ്ടി വിനിയോഗിക്കേണ്ടതായ ഫണ്ടാണ് പഞ്ചായത്തിന് വിനിയോഗിക്കാനാവാതെ പോയത്.

ലാപ്സായ ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു. (സുലേഖ ചെലവ് പത്രിക പ്രകാരം)

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബാലൻസ് (ലാപ്സായത്) |
|---|---|---|---|
| എം.ജി.(റോഡ്) | 15246592 | 809534 | 14437058 |
| എം.ജി. (നോൺറോഡ്) | 8685000 | 2789098 | 5895902 |
| പ്ലാൻ (ജനറൽ) | 21668000 | 20435313 | 1232687 |
| പ്ലാൻ (എസ്.സി.പി) | 9994000 | 7941974 | 2052026 |
| ആകെ | 55593592 | 31975919 | 23617673 |

അംഗീകാരം നേടിയ 214 പ്രോജക്ടുകളിൽ 97 പ്രോജക്ടുകൾക്കും ബിൽ തുക നൽകാൻ കഴിഞ്ഞില്ല.

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവാത്തതിനും അത് വഴി ഗ്രാമ പഞ്ചായത്തിന് വൻ തുക ലാപ്സായതിനും കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ-18/18.9.24 ന് മറുപടി ലഭ്യമായില്ല. 2023-23 ലെ വാർഷിക പദ്ധതികളിലെ മരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും ടെണ്ടർ/റീ-ടെണ്ടർ നടത്തിയിട്ടുള്ളതും എന്നാൽ ഭൂരിഭാഗം പദ്ധതികളും ആരും കാട്ട് ചെയ്യാത്തതുംആണെന്നും ടെണ്ടർ എടുത്തിട്ടുള്ള പദ്ധതികൾ നടപ്പിലായവക്ക് ബിൽ നൽകിയിട്ടുള്ളതും ട്രഷറിയിൽ ബില്ലുകൾ മാറാൻ സാധിച്ചിട്ടില്ലാത്തതാണെന്നും അതിനാലാണ് ചെലവുകൾ നടത്താൻ സാധിക്കാതെ വന്നിട്ടുള്ളതെന്നും അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി. മറ്റു പ്രോജക്ടുകളെ സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.
കേരള PWD മാനുവൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും,

പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാനുവലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

കേരള പൊതു മരാമത്ത് മാനുവലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതാണ്. ഇങ്ങനെ അനുവദിക്കുന്നത് പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതുമല്ല എന്നാണ് 2112 സെക്ഷനിൽ വ്യക്തമാക്കുന്നത്. പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട

പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 01 | പദ്ധതി | ജി.യു.പി.എസ് കോലൊളമ്പ് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം (SO198/24) |
| | അടങ്കൽ | 736500 രൂപ (CFC ഗ്രാന്റ്) |
| | കരാറുകാരൻ | ശ്രീ മുഹമ്മത് ഇഖ്ബാൽ |
| | കരാർ | AE/LSGD/EDPL/6/22-23 Dt 15.12.22 |
| | അളവ് പുസ്തകം | E- M Book |
| | ചെലവ് | 486784 രൂപ |
| | വൗച്ചർ | 2300954/11.03.24 |
| | PAC | 538039 രൂപ |
| | പൂർത്തീകരണകാലയളവ് | 10 മാസം ( TS 9969/2022-23 Dt 27.8.22 പ്രകാരം) |
| | പൂർത്തീകരിക്കേണ്ട തീയതി | 14.10.2023 |
| | പൂർത്തീകരിച്ച തീയതി | 31.01.2024 |
| | വൈകിയ കാലയളവ് | 99 ദിവസം |
| | ഈടാക്കേണ്ടിയിരുന്ന പിഴ | 15-10-23 To 14-01-23: 3 മാസം @ 1 % Of PAC: 5380രൂപ<br>15.01.24 To 31.01.24 17 ദിവസം @2% Of PAC 538039x2/100x17/90=2032<br>ആകെ (Rounded To) 7412/- രൂപ |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ

ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതും ആയത് മൂലമുള്ള ആകെ നഷ്ടം 7412 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതുമണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നമ്പർ 33/19-9-24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-32 ആശ്രയ പദ്ധതി- കൈമാറിയ തുക വിനിയോഗിച്ചില്ല

പ്രൊജക്ട്- 227/24
നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ- 1,00,000 വികസന ഫണ്ട് ജനറൽ
ചെലവ്- 1,00,000
BRN No. 231512520377009687 71/ 21.12.23
അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിനായി ആശ്രയ കുടുംബശ്രീ അക്കൗണ്ടിലേക്ക് നൽകിയ 1,00,000 രൂപ നൽകിയെങ്കിലും യാതൊരു തുകയും വിനിയോഗിച്ചില്ല. തുകയുടെ കൈപ്പറ്റ് , വിനിയോഗ വിവരങ്ങൾ അനുബന്ധ രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി 4/10.9.2024 ന് മറുപടിയായി കൈപ്പറ്റ് ഹാജരാക്കുകയും തുകയൊന്നും വിനിയോഗിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കുകയും ചെയ്തു. പ്രൊജക്ട് പ്രകാരം തുക വിനിയോഗിക്കുകയോ വിനിയോഗിക്കാത്ത പക്ഷം തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-33 തുടർസാക്ഷരതാ പ്രവർത്തനം കൈപ്പറ്റും മോണിറ്ററിംഗ് വിവരവും ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ 228/24 തുടർ സാക്ഷരതാ പ്രവർത്തനം
നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ- 60,000 തനത് ഫണ്ട്
ചെലവ് – 49550
വൗച്ചർ- 2300952/19.3.24
മലപ്പുറം ജില്ലാ സാക്ഷരതാ മിഷൻ മലപ്പുറം നൽകിയ 12.3.24 ലെ C1/GA-25/DLM/22 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പത്താം തരത്തിലേക്ക് 17 പേർക്ക് 9x1950+8x100=18350, പ്ലസ് വണ്ണിന് 12 പേർക്ക് 12x2600=31200 ആകെ 49550 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ സാക്ഷരതാ പ്രേരക് നൽകിയ അപേക്ഷയിൽ പത്താം തരത്തിലേക്ക് 5 പേർക്ക് 5x1950= 9750, പ്ലസ് വണ്ണിന് 12 പേർക്ക് 12x2600=31200 ആകെ 40950 രൂപയാണ്

അടവാക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. ഓഡിറ്റ് എൻകൗയറി 2/10.09.2024ന് മറുപടിയായി പഠിതാക്കളുടെ അംഗീകരിച്ച പട്ടിക ലഭ്യമാക്കി. സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റും തുല്യതാ പരീക്ഷ എഴുതിയ വിവരവും ലഭ്യമാക്കാത്തതിനാൽ ചെലവു തുക 49550 തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-34 അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഹരിതകർമസേന യൂസർഫീ നൽകൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രൊജക്ട്- 232/24
നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ – 50400 ( തനത് ഫണ്ട്)
,ചെലവ്- 45000
വൗച്ചർ-2300988/26.03.24- 22500
വൗച്ചർ-2300440/29.09.23- 22500
ഗ്രാമപഞ്ചായത്തിന്റെ 09/02/2024 ലെ 1(24) നമ്പർ തീരുമാന പ്രകാരം അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് ഭരണസമിതി യോഗം അംഗീകരിച്ചു. 19 വാർഡുകളിൽ നിന്നായി ആകെ 89 പേരാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. അതി ദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഹരിതകർമസേന യൂസർ ഫീ നൽകൽ പദ്ധതിയിൽ 45000 രൂപ മേൽ വൗച്ചർ പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി ഹരിതകർമസേനയുടെ 40287101078017 നമ്പർ അക്കൗണ്ടിലേക്ക് (IFSC KLGB0040287 കേരള ഗ്രാമീൺ ബാങ്ക് എടപ്പാൾ) കൈമാറുകയും ചെയ്തു.
പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1.ഗുണഭോക്താക്കളുടെ വീടുകൾ ഹരിതകർമസേനക്ക് യൂസർ ഫീ നൽകുന്നവയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ഏത് കാലയളവിലേക്കാണ്/എത്ര വീതമാണ് യൂസർഫീ നൽകുന്നത് എന്നുള്ള വിവരം ഫയലിൽ ചേർത്തിട്ടില്ല.
2.ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചു നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട വാർഡ് 1 ലെ ചെമ്പി എലിയത്ത് തറയിൽ എന്ന ഗുണഭോക്താവ് പ്രൊജക്ട് 236/24 ൽ ഉൾപ്പെട്ട ഗുണഭോക്താവ് തന്നെയാണ്.ടിയാൾക്കായി പ്രസ്തുത പ്രൊജക്ടിലും തുക കൈമാറിയിട്ടുണ്ട്. (പ്രൊജക്ട് 236/24ൽ 149 കുടുബങ്ങൾക്കായി ആകെ 59600/-രൂപ ഹരിത കർമ്മസേനക്ക് അടവാക്കിയിട്ടുണ്ട്).
ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറി 7/10.9.24 ന് ലഭ്യമാക്കിയ മറുപടിയിൽ അധികമായി നൽകിയ തുക തുടർന്നുള്ള കാലയളവിൽ ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.ക്രമീകരിച്ച വിവരം അറിയിക്കേണ്ടതാണ്.അതുവരെ ചെലവു തുക 45000 രൂപ തടസ്സം

ചെയ്യുന്നു.

## 1-35 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത

സെക്രട്ടറി നിർവഹണം നടത്തുന്ന 52 പ്രോജക്ടുകളാണ് 2023-24 വർഷം തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 6 പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയതും 46 എണ്ണം പുതിയ പ്രോജക്ടുകളുമാണ്. സോഫ്റ്റ് വെയർ ജനറേറ്റഡ് രേഖയായ സുലേഖ ചെലവ് പത്രികയിൽ സെക്രട്ടറിയുടെ പ്രോജക്ടുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ ശരിയായ വിവരം പ്രതിഫലിക്കുന്നതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1) – ചെലവ് പത്രിക പ്രകാരം ആകെ വകയിരുത്തിയ വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം 2693343 രൂപയും ചെലവഴിച്ച തുക 4017542 രൂപയുമാണ്. ഇവിടെ ആകെ വകയിരുത്തിയ തുകയേക്കാൾ 1324199 രൂപ അധികം ചെലവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാവുന്നു. മാത്രമല്ല, തുക വകയിരുത്തൽ ഇല്ലാതെ ചെലവ് രേഖപ്പെടുത്തിയതായി ഇതിൽ നിന്നും വ്യക്തമാവുന്നു.

2)- ചെലവ് പത്രിക പ്രകാരം സെക്രട്ടറി നിർവഹണം നടത്തുന്ന എസ്.സി.പി വിഹിതത്തിലും വയിരുത്തിയതിനെക്കാൾ അധികം ചെലവു തുക രേഖപ്പെടുത്തിയിരിക്കുന്നു. വകയിരുത്തിയത് 885000 രൂപ ചെലവഴിച്ചത് 1495724 രൂപ. വകയിരുത്തിയതിനേക്കാൾ അധികം ചെലവ് 610724 രൂപ.

ആധികാരിക രേഖയായി പരിഗണിക്കാവുന്ന സുലേഖ ചെലവ് പത്രിക. എന്നാൽ ഓരോ വരിയിലെയും യിലെയും നിരയിലെയും തുകകൾ പരസ്പരം പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നതായി വ്യക്തമാവുന്നു. സോഴ്സ് ഡിഡക്ഷൻ വരുന്ന ലൈഫ് ലോൺ തിരിച്ചടവ്, അംഗനവാടി ജീവനക്കാരുടെ വേതനം തുടങ്ങിയ ജി.ഒ പ്രോജക്ടുകളുടെ ചെലവ് ബുക്ക് ചെയ്യുന്നത് തെറ്റായ രീതിയിലാണ് എന്ന് ചെലവ് പത്രിക വ്യക്തമാക്കുന്നു. ഒരു പ്രോജക്ടിന് തുക വകയിരുത്താതെ ചെലവ് ബുക്ക് ചെയ്യുന്നത് കണക്കുകളിലെ ആധികാരികത നഷ്ടപ്പെടുത്തുന്ന ഘടകങ്ങളാണ്. അപാകത ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറി . 19/18.09.2024 ക്ക് മറുപടി ലഭ്യമാക്കിയില്ല.ആവശ്യമായ പരിശോധന നടത്തി വ്യത്യാസം വന്നത് ബന്ധപ്പെട്ട അധികാരികളുടെയും സോഫ്റ്റ് വെയർ ഡവലപ്പേഴ്സിന്റെയും ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

## 1-36 എസ് സി വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം - അപാകത സംബന്ധിച്ച്.

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പ്രോജക്ട്: എസ് സി വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം , 66/24

അടങ്കൽ-250000(scp)

ചെലവ് - 130000/-രൂപ

ബിൽ നം. -231512520384010660 02/10.01.2024 - 130000

ഹെഡ്മാസ്റ്റർ നിർവഹിച്ച മേൽ പദ്ധതിയിൽ ഫുട്ബോൾ കളിയിൽ താൽപര്യമുള്ള എസ് സി കുട്ടികളെ കണ്ടെത്തി അവർക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകുകയും ടൂർണമെന്റ് വെച്ച് മികച്ച കുട്ടികളെ കണ്ടെത്തുകയും ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. യാസ്പോ സ്പോർട്സ് അക്കാഡമി എടപ്പാളിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രസ്തുത പ്രൊജക്ട് പ്രകാരം ഈ വർഷം 1,30,000 രൂപ പ്രസ്തുത അക്കാഡമിക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എടപ്പാൾ ഗ്രാമപഞ്ചായത്തിൽ തന്നെയുള്ള 4 സ്പോർട്സ് ക്ലബുകൾ പരിശീലനം ഏറ്റെടുത്തു നടത്താൻ സന്നദ്ധത അറിയിച്ചുള്ള കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അതിൽ യാസ്പോ സ്പോർട്സ് അക്കാഡമിയെ തെരഞ്ഞെടുത്തിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമല്ല.

2. യാസ്പോ സ്പോർട്സ് അക്കാഡമിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പരിശീലനത്തിന് 40കുട്ടികളെ തെരെഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ മാനദണ്ഡം വ്യക്തമല്ല.

4. പരിശീലകരുടെ യോഗ്യത സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

5. പദ്ധതി പ്രകാരം പരിശീലന സാമഗ്രികൾ,റിഫ്രഷ്മെന്റ്, ഫസ്റ്റ് എയ്ഡ്, സ്റ്റേഷനറി എന്നിവക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമനം | ഇനം | ചെലവഴിച്ച തുക | വാങ്ങിയ സ്ഥാപനം |
|---|---|---|---|
| 1 | റിഫ്രഷ്മെന്റ്( പാൽ ,മുട്ട മുതലായവ) | 60000 | ഈസി മാർട്ട് ഫ്രൂട്സ് & വെജിറ്റബിൽസ്, എടപ്പാൾ |
| 2 | പരിശീലന സാമഗ്രികൾ ( ഫുട്ബോൾ, അനുബന്ധ | 60000 | ഫിഫ ടോയ്സ്, മഞ്ചേരി |

| | | | |
|---|---|---|---|
| | സാമഗ്രികൾ) | | |
| 3 | ഫസ്റ്റ് എയ്ഡ് | 5000 | ഷിഫ മെഡിക്കൽസ് ,എടപ്പാൾ |
| 4 | സ്റ്റേഷനറി | 5000 | പി വി എം സ്റ്റേഷനറി , എടപ്പാൾ |

മേൽ സ്ഥാപനങ്ങൾക്ക് തുക ലഭ്യമായതിന്റെ കൈപ്പറ്റ് വിവരം, ക്രമ നം 1,2 പ്രകാരമുള്ള സ്ഥാപനങ്ങളുടെ ഇൻവോയ്സ് എന്നിവ ഫയലിൽ ലഭ്യമല്ല.

6. യാസ്പോ സ്പോർട്സ് അക്കാഡമിയാണ് മേൽ ചേർത്തിരിക്കുന്ന സാധനങ്ങൾ പർച്ചേസ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിന് യാസ്പോ സ്പോർട്സ് അക്കാഡമിയെ ചുമതലപ്പെടുത്തിയ ഭരണസമിതി തീരുമാനം ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

7. പരിശീലനത്തിനായി 40 ഫുട്ബോളിനും മറ്റു അനുബന്ധ ഉപകരണങ്ങൾക്കുമായി 60000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. നിലവിൽ ഈ ഉപകരണങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നും അറിയിക്കേണ്ടതാണ്.

അപാകതകൾ കാണിച്ച് ഓഡിറ്റ് എൻകുയറി (15/12.09.2024) നൽകിയതിന് ക്രമ നം 1,2,3,4 എന്നിവക്ക് മറുപടി ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ക്രമ നം 5,6,7 എന്നിവക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്. മറുപടി ലഭ്യമാക്കുന്നതു വരെ 130000/- രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2023-24 | 2023-24 വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 583509 | നെൽവിത്ത് കൂലി ചെലവ് നെൽകൃഷിക്ക് 168/24 | 583509 | 0 |
| | 1200000 | ലൈഫ്ഭവന പദ്ധതി (എസ്.സി)-154/2024 | 1200000 | 0 |
| | 1225000 | ലൈഫ്ഭവന പദ്ധതി (ജനറൽ)-153/2024 | 1225000 | 0 |
| | 450000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും -99/2024 | 450000 | 0 |
| | 290168 | പാലിന് സബ്സിഡി – ജനറൽ 19/2024 | 290168 | 0 |
| ആകെ | 3748677 | | 3748677 | |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 605320 | നെൽവിത്ത് കൂലി ചെലവ് നെൽകൃഷിക്ക് 168/24 | 605320 | 0 |
| | 700000 | ലൈഫ്ഭവന പദ്ധതി (എസ്.സി)-154/2024 | 700000 | 0 |
| | 560000 | ലൈഫ്ഭവന പദ്ധതി (ജനറൽ)-153/2024 | 560000 | |
| | 180000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും -99/2024 | 180000 | |
| ആകെ | 2045320 | | 2045320 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | 11/23-24 പോസ്റ്റ് മാറ്റിവയ്ക്കൽ | 22300542 /22.11.23 | 34,509 | 0 | പൂർത്തീകരിച്ചിട്ടില്ല | 34,509 |
| കെ ഡബ്ല്യു എ | 248/23-24 പൊതു ടാപ്പുകൾക്ക് കുടിശ്ശിക-കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 2230894/ 20.12.23 | 4,76,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 4,76,000 |

| | | | | | | |
|---|---|---|---|---|---|---|
| അനർട്ട് മലപ്പുറം | 80/23-24 എടപ്പാൾ സൗരപ്രഭ | 295/1.3.24 | 4,00,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 4,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC-ലൈഫ് പദ്ധതി | ലഭ്യമല്ല | 25080000 | 21809522 | 2159523 | | 44729999 |
| ഇ.എം.എസ് ഭവന പദ്ധതി | ലഭ്യമല്ല | - | 3842645- | - | | 3842645 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 596186 |
| തൻവർഷം നിക്ഷേപിച്ച തുക | 3373843 |
| ആകെ | 3970029 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3970029 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം. |
|---|---|---|
| എം.ഡി.സി ബാങ്ക്,എടപ്പാൾ | 440549 | 090301807520111/28.03.2024 |

| | | |
|---|---|---|
| എം.ഡി.സി ബാങ്ക്,എടപ്പാൾ | 29480 | 090301807520110/28.03.2024 |
| എസ് ബി ഐ എപ്പാൾ | 3500000 | 42834971165/28.03.2024 |
| ആകെ | 3970029 | |

കുറിപ്പ്:-
വാർഷിക കണക്ക് അപാകത 1-1-19 കാണുക

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2022-23 | 1-23 | 913 | അസി. എഞ്ചിനീയർ | 1230104015/29.11.2023 |
| 2022-23 | 1-27 | 6400 | ഫിഷറീസ് എക്സറ്റൻഷൻ ഓഫീസർ | 1230104020/29.11.2023 |
| 2022-23 | 1-17 | 6250 | സെക്രട്ടറി ,എടപ്പാൾ വനിത കോപ്പറേറ്റീവ് സൊസൈറ്റി | 1230104022/30.11.2023 |
| 2022-23 | 1-23 | 4053 | അസി. എഞ്ചിനീയർ | 1230104035/30.11.2023 |
| 2022-23 | 1-17 | 5000 | സെക്രട്ടറി ,കോലളമ്പ് റൂറൽ | 1230104036/30.11.2023 |

| | | | | |
|---|---|---|---|---|
| | | | കോപ്പറേറ്റീവ് സൊസൈറ്റി | |
| 2022-23 | 1-23 | 2628 | അസി. എഞ്ചിനീയർ | 1230104038/30.11.2023 |
| 2010-11 | 2-3(3) | 120 | വി ഇ ഒ | 1230102883/25.09.2023 |
| ആകെ | | 25364 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | അനുബന്ധം3 | വസ്തുനികുതി | ബഹു.നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2(4) | 2016-17 | ആനുബന്ധം4 | തൊഴിൽ നികുതി | ബഹു.നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറിയിലൂടെ | ഡിമാന്റിൽ ഉൾപ്പെടുത്തി | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥാനം, ഭരണ വകുപ്പ്. | നമ്പറും തിയ്യതിയും | തുക | (രസീത് നമ്പർ, തിയ്യതി) | ഈടാക്കിയ തുക, രസീത് | യിട്ടുണ്ടോ | ഉൾപെട്ട തുക | ഈടാക്കിയ തുക | | തുക |
| | 2005-06 | 2-1, | വി.ഹരിദാസ്, സെക്രട്ടറി | LF 10423/ SPL . CELL/ CSCD1/ 12, 15.06.15 | 2890/- | 0 | 0 | 0 | 0 | 0 | 2890 | 0 |
| 1 | 2005-06 | 2-2, 2-3 (A), 2-3(B | വി.ഹരിദാസ്, സെക്രട്ടറി | LF 10423/ SPL .CELL/ CSCD1/ 12, 16.07.14 | 3623/- | 0 | 0 | 0 | 0 | 0 | 3740 | 0 |

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-02 | 4 6 7 | കെ പി ശങ്കരൻ | LF14740/ S Cell/ SC5/ 05/ 1-12-06/ 1.03.07 | 11650 | 0 | 0 | 0 | 0 | 0 | 0 | 11650 |
| 2 | 2005-06 | 3-1A 3-1B 3-2 3-8 | ശ്രീ.വി. ഹരിദാസ്, സെക്രട്ടറി | LF 10423/ SPL . CELL/ CSCD1/ 12, 16.07.14 | 120520 + പലിശ | | | | | | | 120520 + പലിശ |
| 3 | 2008-09 | 3-3 3-5 | ശ്രീ.ഇ എം എൻ. | LF17975/ SPL .CELL/ | 75908 | | | | | | | 75908 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 3-23 | സുദേവൻ | CSCD1/ 12, 23.05.15 | | | | | | | | |
| 4 | 2009-10 | 3-8(1) 3-8(2) 3-13(2) | ഷിനി.എം, അസിസ്റ്റന്റ് എഞ്ചിനീയർ | LF17976/ SPL .CELL/ CSCD1/ 12, 15.03.15 | 21769 | | | | | | 0 | 21769 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 174855957.5 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 170137740.5 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3657657 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1,28,634 | ശ്രീമതി.കൃഷ്ണേന്ദു , ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 15656 | ശ്രീമതി.കൃഷ്ണേന്ദു , ഐ.സി.ഡി.എസ് |

| | | |
|---|---|---|
| | | സൂപ്പർവൈസർ |
| 1-24 | 2,55,808 | ശ്രീ സന്തോഷ് കുമാർ കെ<br>സെക്രട്ടറി |
| 1-25 | 3,10,000 | ശ്രീ സന്തോഷ് കുമാർ കെ<br>സെക്രട്ടറി |
| 1-26 | 27,23,009 | ശ്രീ സന്തോഷ് കുമാർ കെ<br>സെക്രട്ടറി |
| 1-33 | 49550 | ശ്രീ അരുൺലാൽ കെ പി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-34 | 45000 | ശ്രീ അരുൺലാൽ കെ പി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 130000 | ശ്രീമതി.സാവിത്രി , ഹെഡ്മിസ്ട്രസ് |
| ആകെ | 3657657 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ബാധകമല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM 11/1404/99, 24.03.2000 | 1 |
| 2000-01 | LFM 11/1420/99, 23.06.2004 | 11 |
| 2001-02 | LFM 17/1056/03, 06.04.2004 | 7 |
| 2002-03 | LFM 9/332/05, 29.04.2005 | 14 |
| 2003-04 | LFM 6/05/08, 17.05.2008 | 3 |
| 2004-05 | KSA MPM28/1204/16 , 27.1.2018 | 12 |
| 2005-06 | LFM 6/243/10, 21.03.2012 | 12 |
| 2006-07 | LFM 10/889/11, 21.03.2012 | 7 |
| 2007-08 | LFM 18/598/11, 21.03.2012 | 21 |
| 2008-09 | LFM 18/599/11, 21.03.2012 | 16 |
| 2009-10 | LFM 18/600/11, 21.03.2012 | 27 |
| 2010-11 | KSA MPM28/1204/16 , 27.1.2018 | 17 |
| 2011-12, 2012-13 | KSA MPM28/669/16 , 27.1.2018 | 23 |
| 2013-14, 2014-15 | KSAMPM 28/1928/2016, 17.7.17 | 15 |
| 2015-16 | KSAMPM 28/29/2017, 08.02.2017 | 24 |

| | | |
|---|---|---|
| 2016-17 | KSAMPM 28/2458/2017, 23.7.18 | 21 |
| 2017-18 | KSAMPM 28/204/2019, 2.7.2019 | 17 |
| 2018-19 | KSAMPM 28/ 2588-19, 12.2.2021 | 19 |
| 2019-20 | KSAMPM 5/1/22, 24.9.2022 | 15 |
| 2020-21 | KSAMPM 5/02/22, 15.3.2022 | 15 |
| 2021-22 | KSAMPM 5/2773/22, 10.04.2023 | 14 |
| 2022-23 | KSAMPM 5/2696/23, 03.02.2024 | 17 |

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 1 dated 24-07-2024 and submitted on 31-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Edappal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Edappal Grama Panchayat as on 31-03-2024

**Date: 08/11/2024** **Deputy Director**

**Kerala State Audit Department**

# Audit Report appended to the Audit Certificate of Edappal Grama Panchayat for the Year 2023-2024.

## 1.Major Observations

NIL

## 2.Other Observations

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.

a.Ratios

b.Notes on accounts

c.Comparative statements of previous year.

2. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. A few figures in annual financial statements are not recorded in whole numbers in accordance with accounting rules.

4. The information regarding fund utilization in ACR does not match with the AFS.

5. The details of Bank account Nationalised bank account of own revenue fund is not submitted for audit.

6. Demand for Penalties and Fines Penal Interest and amount received in CFC- performance Grant are recorded as minus figure.

7. Monthly Bank recociliation statement not prepared for the the following bank accounts

a. KGB Own Fund (40287100102977)

b. CANARA BANK UPI (120024204533)

c.SBI (00000038067049175)

8. The amount in the pass book balance of reconciliation statement of SBI E payment (67385549567) differs from the actual balance in the bank statement.

9. As per the Reconciliation Statement of following bank accounts including holding own funds, the cheque issued by the institution more than 3 months old are not transferred to the Stale Cheque Account

a. Sub Treasury Changaramkulam (A/C 799013000000844) holding Own Fund -Â **From 27.09.2022 Rs. 1973845/-**

**b.** SBI (A/C no. 00000038067049175) - **From 17.09.2022 Rs. 19420000/-**

**c.** KGB (A/C no. 40287100102977) holding Own Fund **- From may 2022 Rs. 4,948,520/-**

**10.** Directly debited by bank in the reconciliation statement of following bank accounts has not been adjusted till date.

a. Canara Bank (1138101071706) holding CFC Grant Directly debited 135658/- on 06.07.2023

b. Sub Treasury Changaramkulam (A/C 799013000000844) holding Own Fund -Â **From** 21.05.2022 Rs. 9107288/-

c. SBI (A/C no. 00000038067049175) holding loan amount and state share for life project Â From September 2022 Rs.**19,640,000/-**

**d.** KGB (A/C no. 40287100102977) holding Own Fund - From May 2022 Rs.**16,291,596/-**

**11.** Directly credited to the bank in the Reconciliation Statement of following bank accounts have not been taken into account by ensuring that they belong to the institution.

a. SBI (A/C no. 00000038067049175) holding loan amount and state share - **From May 2022 Rs. 50,240,000/-**

**b.** KGB (A/C no. 40287100102977) holding Own Fund **From May 2022 10,719,828/-**

**12.** The amount withdrawn as Cash or Check withdrawal in the Reconciliation Statement of Sub Treasury Changaramkulam (A/C 799013000000844) has not been adjusted till date.

13. The amount under Cheque Deposited But Not Cleared item in the Reconciliation Statement of following bank accounts , no steps are taken

a.Sub Treasury Changaramkulam (A/C 799013000000844) Rs. 232315/- On 09.02.2024

b. SBI (A/C no. 00000038067049175) Â Rs. 10,060,649/- On 31.03.2023

c. KGB (A/C no. 40287100102977) Rs 103,796/- From August 2022

d. KGB (A/C no. 40287100102977) Rs. 2,924,112/- From 21.09.2023

14. The following Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant amount.

| Item | B-4 | B-17 |
|---|---|---|
| Literacy Scheme grant | 38038 | 0 |
| Grant From Suchitwa Mission | 2544788 | 0 |

15. Appropriation control Register not kept for the special purpose fund remaining to be spent as per Schedule B-4 .

16. The calculation sheet for depreciation of fixed assets is not submitted for audit.

17. Lapses in making timely and accurate demand entries in respect of tax and non tax revenue.

18. The accounts recorded on Auction register is not match with the accounts concerned in Annual Financial statements.Deposit Register, Advance Register,Loan Register, Audit Recovery Register,License Register are not submitted for audit.

19. According to the FD receipts produced for audit, there is an investment of Rs.41,35,087/-, but as per Schedule B-12 only Rs.4,94,853/- has been recorded as investment.

20. As the asset register has not been updated, it has not been possible to check whether it matches with the AFS.

21. According to the sevana statement, the amount has been spent under social welfare scheme is not included in Schedule I-14d.

22. Advance payment for KSEB and KWA are not booked under the corresponding Advance head.

mac

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്